WWW.SHEKINAHLIVE.ORG

# വലിയ മുക്കുവന്റെ പതനം നമ്മെ ഓർമപ്പെടുത്തുന്നത്

ഫാ. ബിജു കൂനൻ വി.സി.

കത്തോലിക്കാസഭയുടെ നെടുംതൂണുകളായി ദൈവം ഉയർത്തിയവരാണ് വി. പത്രോസും വി. പൗലോസും. യേശുവിനു വേണ്ടി ജീവിതം ബലി അർപ്പിച്ച് ദൈവത്തെ മഹത്വപ്പെടുത്താനായവരാണ് രണ്ടാളും. യേശുവിലുള്ള വിശ്വാസനത്തിനു വേണ്ടി കുരിശിലേറ്റപ്പെട്ട പത്രോസ് തന്റെ ഘാതകരോട് ഒരു കാര്യത്തിനാണ് യാചിച്ചത്. തന്റെ നാഥനായ യേശുവിനെപ്പോലെ ക്രൂശിലേറാനുള്ള യോഗ്യത തനിക്കില്ല. അതുകൊണ്ട് തലകീഴായി തന്നെ ക്രൂശിക്കണം. അങ്ങനെ മരണത്തെ സന്തോഷത്തോടെ സ്വകരിച്ചു. ദൈവത്തെ മഹത്വപ്പെടുത്തിയ വി. പത്രോസിന്റെ ജീവിതാനുഭവങ്ങൾ എക്കാലത്തെയും വിശ്വാസിക്കു പാഠവും മാതൃകയുമാണ്.

അന്ത്യ അത്താഴവേളയിലേക്ക് നമുക്കു ചൊല്ലാം. അവിടെ ഈശോ ശിഷ്യർക്ക് മുന്നറിയിപ്പ് നൽകുകയാണ്. (മത്താ. 26: 31–35). **ഈ രാത്രി നിങ്ങൾ എല്ലാവരും എന്നിൽ ഇടറും. ഞാൻ ഇടയനെ അടിക്കും. ആടുകൾ ചിതറിപോകും എന്നെഴുതപ്പെട്ടിരിക്കുന്നു. അപ്പോൾ പത്രോസ് അവനോട് പറഞ്ഞു. എല്ലാവരും നിന്നിൽ ഇടറിയാലും ഞാൻ ഇടറുകയില്ല. യേശു പറഞ്ഞു. സത്യമായി ഞാൻ നിന്നോടു പറയുന്നു. ഈ രാത്രി കോഴി കൂവുന്നതിനു മുമ്പ് നീ എന്നെ മൂന്നു പ്രാവശ്യം ഉപേക്ഷിച്ചു പറയും. പത്രോസ് പറഞ്ഞു: നിന്നോടു കൂടെ മരിക്കേണ്ടിവന്നാലും നിന്നെ ഞാൻ നിഷേധിക്കുകയില്ല.** എന്നിട്ടും പത്രോസ് വീണു. എന്തേ, അങ്ങനെ സംഭവിച്ചു. വലിയ മുക്കുവന്റെ പ്രഖ്യാപനവും വീഴ്ചയും വരെയുള്ള ജീവിതാനുഭവങ്ങൾ ആ വീഴ്ചയുടെ കാരണം നമുക്ക് പറഞ്ഞു തരുന്നു. രണ്ടു കാര്യങ്ങളാണ് പത്രോസ് കട്ടായം പറയുന്നത്.1. ആരൊക്കെ ഇടറിയാലും ഞാൻ ഇടറില്ല. 2. മരിക്കേണ്ടി വന്നാലും നിഷേധിക്കുകയില്ല. എന്നാൽ പത്രോസിന് വാക്കു പാലിക്കാനായില്ല. അദ്ദേഹം ഇടറി. കർത്താവിനെ നിഷേധിച്ചു. എന്തേ, ഇത്തരമൊരനുഭവത്തിന് വലിയ മുക്കുവൻ വിധേയനായി?.

### 1. പത്രോസിന് തന്നിൽ തന്നെയുള്ള അമിതമായ വിശ്വാസം തന്നെയാണ് ഒന്നാമത്തെ കാരണം.

തന്നിൽ തന്നെയുള്ള അമിതമായ വിശ്വാസം എല്ലാവരെയും തകർച്ചയിലേക്കു നയിക്കും എന്നതാണ് സത്യം. ഒരു പെൺകുട്ടിയുടെ ജീവിതാനുഭവം പങ്കുവയ്ക്കാം. നല്ല കുട്ടി. ധാരാളം പ്രാർത്ഥിക്കുന്നവൾ. ഉഴപ്പിനടന്ന കൂട്ടുകാരികളെ പ്രാർത്ഥനകൊണ്ടും ഉപദേശം കൊണ്ടും നല്ല വഴിക്കു കൊണ്ടുവന്നവൾ. പഠനം കഴിഞ്ഞു ജോലി കിട്ടി. അവളുടെ കൂടെ ജോലി ചെയ്തിരുന്ന കർക്കശക്കാരനായ ഒരു ഉദ്യോഗസ്ഥൻ ഉണ്ടായിരുന്നു. ഇയാൾ ആരോടെങ്കിലും സ്നേഹത്തോടെ പെരുമാറുമോ എന്നവൾ സംശയിച്ചു. അതുകൊണ്ട് അവൾ അയാളെക്കാണുമ്പോൾ പുഞ്ചിരിച്ചു തുടങ്ങി. അയാളെ മാനസാന്തരപ്പെടുത്തുവാൻ അവൾ തീരുമാനിച്ചു. അയാളും ചിരിക്കും. അവർ തമ്മിൽ അടുപ്പത്തിലായി. വിവാഹിതനും പിതാവുമായ ആ കൂട്ടുകാരനുമായി അവൾ പാപം ചെയ്തു.താൻ നന്നായി പ്രാർത്ഥിക്കുന്നവൾ എന്ന അമിത വിശ്വാസത്തിൽ നിന്നും അവൾക്കുണ്ടായ പതനമാണിത്. വചനം പഠിപ്പിക്കുന്നു. 'അമിതമായ ആത്മവിശ്വാസം പതനത്തിലേക്കു

WWW.SHEKINAHLIVE.ORG

നയിക്കും'. **'അഹങ്കാരം നാശത്തിന്റെ മുന്നോടിയാണ്. അഹന്ത അധ:പതനത്തിന്റെയും' (സുഭ. 16. 18)** വി. പൗലോസ് പറയുന്നു.' **എനിക്കു ലഭിച്ചിരിക്കുന്ന കൃപയാൽ പ്രേരിത നായി ഞാൻ നിങ്ങളോടു പറയുന്നു. ഉള്ളതിലധികം മേന്മ ആരും ഭാവിക്കരുത്.' (റോമ 12. 3)**

ഒരു സ്ഥലത്ത് ഒരു തവള ഉണ്ടായിരുന്നു. ബുദ്ധിയുള്ള ഒരു തവള അങ്ങനെയി രിക്കെ അവിടെ വലിയ തണുപ്പുണ്ടായി. ഒപ്പമുണ്ടായിരുന്നവരിൽ പലരും ചത്തു. ഒരു ദിവസം തവള ചിന്തിച്ചു. എങ്ങനെ ആസന്നമാകുന്ന ദുരന്തത്തിൽ നിന്നും രക്ഷപ്പെടാം. അവിടെ തവളയ്ക്ക് ധാരാളം അരയന്നങ്ങൾ സുഹൃത്തുക്കളായി ഉണ്ടായിരുന്നു. അവരു മായി പ്രശ്നം ചർച്ച ചെയ്തു. അവർ സഹായിക്കാമെന്ന് ഏറ്റു. ഇവർ ചൂടുള്ള സ്ഥല ത്തേയ്ക്ക് പോകുകയാണ്. തവളയേയും കൊണ്ടു പോകാം അതായിരുന്നു പരിപാടി. രണ്ട് അരയന്നങ്ങൾ ഒരു കൊമ്പ് കടിച്ചു പിടിച്ച് പറക്കുക. കമ്പിൽ തവള തൂങ്ങിക്കിട ക്കുക അതായിരുന്നു പരിപാടി.ആസൂത്രണം ചെയ്തതുപോലെ എല്ലാം നടന്നു. തവള ആകാശത്തുകൂടി നീങ്ങുകയാണ്. അതു കണ്ട് താഴെ നിന്ന ഒരു കർഷകൻ അമ്പരപ്പോടെ ചോദിച്ചു. ഇതാരുടെ ബുദ്ധിയാണ് ?. തവള പറഞ്ഞു. എന്റെ ബുദ്ധിയാണ്. സംസാരി ക്കാൻ വായ തുറന്ന തവള കമ്പിൽ നിന്നും പിടിവിട്ട് നിലത്തു വീണു. കർഷകൻ അവനെ ഭക്ഷണമാക്കി. ഞാനെന്ന ഭാവം എപ്പോഴും തുറക്കുന്നത് അപകടത്തിന്റെ കവാട മാണ്.

**2. പത്രോസിന്റെ പതനം ഉണർന്നിരുന്നു പ്രാർത്ഥിക്കുവാനുള്ള കർത്താവിന്റെ കല്പന കേൾക്കാതിരുന്നതു കൊണ്ടു കൂടിയാണ്.**

ഗൽസെമേനിയിൽ വച്ച് ഈശോ പത്രോസിനോടും യാക്കോബിനോടും യോഹന്നാ നോടും പ്രത്യേകം പറയുന്ന ഉപദേശമാണ് ഉണർന്നിരുന്നു പ്രാർത്ഥിക്കുക. മൂന്നു വട്ടം ഈശോ ഉപദേശിച്ചു. മൂന്നു വട്ടവും അവർ പക്ഷേ, ഉറങ്ങിപ്പോയി. കർത്താവ് പ്രാർത്ഥി ക്കണം എന്ന് പറഞ്ഞു. എന്നാൽ ജഡത്തിന്റെ അഭിലാഷം ഉറങ്ങാനായിരുന്നു. അവർ ഉറ ങ്ങി. നാം പ്രാർത്ഥിക്കേണ്ട സമയത്ത് ശരീരത്തിന്റെ താത്പര്യം അനുസരിച്ച് ഉറങ്ങിയാൽ അപകടം ഉണ്ടാവും.

പ്രാർത്ഥിക്കുവാൻ വന്ന ഒരു കുട്ടിയുടെ അനുഭവം പറയാം. വിവാഹം കഴിച്ചു വിദേശത്തായിരുന്ന കുട്ടിയാണ്. ഭർത്താവും അവരും ഒറ്റയ്ക്കായിരുന്നു താമസം. ഒന്നും ചെയ്യാനില്ലാതെ വന്നപ്പോൾ ടി.വി. കണ്ടു തുടങ്ങി. അവസാനം ടി.വി.യുടെ അടിമയായി. പ്രാർത്ഥന ഇല്ലാതായി. പ്രാർത്ഥിക്കാൻ ശ്രമിച്ചാൽ അപ്പോൾ ഉറക്കമായി. സാവകാശം അവരുടെ ജീവിതത്തിൽ പ്രശ്നങ്ങളായി. ഭർത്താവിന് മറ്റൊരു സ്ത്രീയുമായി അടുപ്പം. ബിസിനസും തകർന്നു. അപ്പോഴാണ് പ്രാർത്ഥിക്കുവാൻ വന്നത്. പ്രാർത്ഥിക്കുമ്പോൾ ഒന്നു ദൈവം കാണിച്ചു തന്നു. അവർ ആകെ ഇരുട്ടിലാണ്. പ്രാർത്ഥിക്കേണ്ട സമയത്ത് ഉറങ്ങിയ വലിയ മുക്കുവന്റെ പതനത്തിന്റെ പുത്തൻ ആവിഷ്ക്കാരം. വചനം പറയുന്നു: **'ഉറങ്ങുന്നവനെ ഉണരുക. മരിച്ചവരിൽ നിന്നും എഴുന്നേല്ക്കുക'. (എഫേ. 5. 14).** അലസ തയും പ്രാർത്ഥനയോടുള്ള വൈമുഖ്യവും ഒരാളെ തകർച്ചയിലേക്ക് നയിക്കും.

**3. പത്രോസിന്റെ പിൻചെല്ലലിന്റെ സവിശേഷതയും അദ്ദേഹത്തിന്റെ പതനകാരണമായി.**

WWW.SHEKINAHLIVE.ORG

പിടിയിലായ യേശുവിനെ പത്രോസ് പിൻചെന്നത് എങ്ങനെ എന്ന് സുവിശേഷം വ്യക്തമാക്കി തരുന്നു. അകലെയായി അവനെ പിൻചെന്നു. എന്തുകൊണ്ടാവണം പത്രോസ് അകലെയായി പിൻചെന്നത്? ജീവൻ നഷ്ടപ്പെടുമോ എന്ന ഭീതിയാകണം കാരണം. ഈശോ വിളിച്ചത് കൂടെ നടക്കുവാനാണ്. എന്നാൽ പത്രോസ് അകലമിട്ടു നടന്നു. ഈശോയോട് കൂടുതൽ അടുത്തു നടക്കാൻ നോക്കിയാൽ പലതും ഉപേക്ഷിക്കേണ്ടിവരും. മദ്യപാനമാകാം, അല്ലെങ്കിൽ തെറ്റായ ചില ബന്ധങ്ങളാകാം, മറ്റു ചില ആസക്തികളാകാം. അതുകൊണ്ട് ഇത്തിരി അകലമിട്ടു നടക്കാം എന്നു തീരുമാനിക്കുന്നു. ഒരാൾ ഒരു ധ്യാനം കൂടാൻ ഉപദേശിച്ചു. പക്ഷേ പോയില്ല. എന്തേ കാരണം ധ്യാനം കൂടിയാൽ? ചിലതെല്ലാം ഉപേക്ഷിക്കേണ്ടിവരാം. അല്പം അകലമിട്ടു നടക്കാമെന്ന് തീരുമാനിച്ചു. അപകടമാണ്, വലിയ മുക്കുവനെപ്പോലെ യേശുവിനെ നിഷേധിക്കുന്നിടത്തെത്തിയേക്കാം.

### 4. നാലാമത്തെ കാരണം പത്രോസ് ചെന്നുപെട്ട സുഹൃദ്‌ലോകമാണ്.

ഒരിക്കലും കൂടരുതാത്തവർക്കൊപ്പമായിപ്പോയി കൂട്ട്. ചെന്നു നിൽക്കാൻ പാടില്ലാത്തിടത്തു നിൽക്കുമ്പോൾ അപകടം ഉണ്ടാവാം. ചെയ്യാത്ത തെറ്റിന് ജയിലിൽ പോകേണ്ടി വന്ന ഒരു സഹോദരനെ അറിയാം. വീടിനടുത്ത് ചീട്ടുകളിച്ചുകൊണ്ടിരുന്ന് കാണാൻ പോയതാണ് അവൻ. ഭാര്യയും മക്കളും വേണ്ടെന്നു പറഞ്ഞതാണ്. ഞാൻ കളിക്കുന്നില്ല കാണുന്നല്ലേ ഉള്ളൂ എന്നായിരുന്നു ന്യായം. ഒരു ദിവസം പോലീസ് വന്നു. കളിച്ചവരെല്ലാം ഓടി. കണ്ടു നിന്ന ഇവൻ പിടിയിലുമായി. പോലീസ് നല്ല അടി കൊടുത്തു. ചെയ്യാത്ത തെറ്റിന് ശിക്ഷ. അതു പകയായി. ജയിലിൽ നിന്നു വന്നപ്പോൾ വാശിയോടെ കളിച്ചു. മദ്യപാനം തുടങ്ങി. ഒരു ദിവസം വഴക്കുണ്ടാക്കി എതിരാളിയെ കൊന്നു. കൊലക്കുറ്റത്തിന് ജയിലിലായി. പോകരുതാത്തിടത്ത് പോയതാണ് അപകടമായത്. പത്രോസിന് പറ്റിയ അബദ്ധമതാണ്. അദ്ദേഹം തീ കായുന്നവർക്കൊപ്പം പോയി. സങ്കീർത്തനം പറയുന്നു. **'ദുഷ്ടരുടെ ഉപദേശം സ്വീകരിക്കുകയോ, പാപികളുടെ വഴിയിൽ വ്യാപരിക്കുകയോ ചെയ്യാത്തവൻ ഭാഗ്യവാൻ' (സങ്കീ. 1.1)**. പൗലോസ് ശ്ളീഹാ പറയുന്നു. **'നിങ്ങൾ അവിശ്വാസികളുമായി കൂട്ടുകൂടരുത്. നീതിയും അനീതിയും തമ്മിൽ എന്തു ബന്ധമാണുള്ളത്.'(2 കോറി. 6. 14-16)** നമ്മുടെ ജീവിതത്തിലെ പല വീഴ്ചകൾക്കും കാരണം നാം നിൽക്കാൻ പാടില്ലാത്തിടത്തു നിൽക്കുന്നതാണ്.

പത്രോസിന്റെ ബന്ധം ഈ പതനത്തിൽ അവസാനിക്കുക അല്ല എന്നത് നാം ഓർക്കണം. അവന് തെറ്റ് മനസ്സിലായി അവൻ പുറത്തു പോയി ദു:ഖത്തോടെ കരഞ്ഞു. രക്ഷാകരമായി ആ ദു:ഖം. അത് പശ്ചാത്താപത്തിലേക്കു നയിച്ചു. (2 കോറി. 7-9).സ്വന്തം ജീവിതത്തിലെ വീഴ്ചയിലൂടെ വലിയ മുക്കുവൻ നമുക്കു വഴി കാണിക്കുകയാണ്. അദ്ദേഹം എഴുതുന്നു: **നിങ്ങൾ സമചിത്തതയോടെ ഉണർന്നിരിക്കുവിൻ. നിങ്ങളുടെ ശത്രുവായ പിശാച് അലറുന്ന സിംഹത്തെപ്പോലെ ആരെ വിഴുങ്ങണമെന്ന് അന്വേഷിച്ചു കൊണ്ട് ചുറ്റി നടക്കുന്നു. വിശ്വാസത്തിൽ ഉറച്ചു നിന്നുകൊണ്ട് അവനെ എതിർക്കുവിൻ'. (1 പത്രോ. 5.7-9)**.വലിയ മുക്കുവന്റെ പരാജയ കാരണങ്ങൾ മനസ്സിലാക്കി നമുക്കും ജാഗ്രതയോടെ ജീവിക്കാം.

കടപ്പാട് : ഡിവൈൻ വോയ്സ് – ഓഗസ്റ്റ് 2012.